**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4024** **03-03-2023 - ൽ മറുപടിയ്ക്ക്**

**വ്യാജ ജനന സർട്ടിഫിക്കറ്റ് നിർമ്മിച്ചവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ജനന സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളുടെയും ജനനം 14 ദിവസത്തിനകം തന്നെ ആശുപത്രി സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ, ആശുപത്രി അധികൃതർ സമർപ്പിച്ച വരുന്നു. ഇതിനായി ആശുപത്രികളിൽ ജനനമരണ രജിസ്ട്രേഷൻ ഹെൽപ് ഡെസ്ക് പ്രവർത്തിച്ച വരുന്നുണ്ട്.** |
| (ബി) | കളമശ്ശേരി മെഡിക്കൽ കോളേജിൽ വ്യാജ ജനന സർട്ടിഫിക്കറ്റ് നിർമ്മിച്ച സംഭവത്തിൽ ആരോഗ്യ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കളമശ്ശേരി മെഡിക്കൽ കോളേജിലെ വ്യാജ ജനനസർട്ടിഫിക്കറ്റ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ പ്രാഥമിക അന്വേഷണം നടത്തിയ എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, കുറ്റക്കാരനെന്നു കണ്ടെത്തിയ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.എ.അനിൽകുമാറിനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ഈ സംഭവത്തിൽ അന്വേഷണം നടത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ ഒരു മൂന്നംഗ അന്വേഷണ സംഘത്തെ നിയോഗിച്ചിരുന്നു. ഈ വിഷയത്തിൽ കുറ്റക്കാരനായ വ്യക്തിയെ സസ്പെന്റ് ചെയ്ത എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നടപടി തീർത്തും ശരിയാണെന്ന് അന്വേഷണ സംഘം വിലയിരുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഈ വിഷയത്തിൽ പോലിസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത സംഭവത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | കളമശ്ശേരി മെഡിക്കൽ കോളേജിലെ വ്യാജ ജനനസർട്ടിഫിക്കറ്റ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ പ്രാഥമിക അന്വേഷണം നടത്തിയ എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, കുറ്റക്കാരനെന്നു കണ്ടെത്തിയ അഡ്മിനിസ്ട്രേറ്റീവ് |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് ശ്രീ.എ.അനിൽകുമാറിനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ഈ സംഭവത്തിൽ അന്വേഷണം നടത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ ഒരു മൂന്നംഗ അന്വേഷണ സംഘത്തെ നിയോഗിച്ചിരുന്നു. ഈ വിഷയത്തിൽ കുറ്റക്കാരനായ വ്യക്തിയെ സസ്പെന്റ് ചെയ്ത എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നടപടി തീർത്തും ശരിയാണെന്ന് അന്വേഷണ സംഘം വിലയിരുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഈ വിഷയത്തിൽ പോലിസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | വ്യാജ ജനന സർട്ടിഫിക്കറ്റ് നിർമ്മിക്കുന്നതുപോലെയുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജനന സർട്ടിഫിക്കറ്റിന് വേണ്ട അപേക്ഷ തയ്യാറാക്കുമ്പോൾ ആശുപത്രിയിലെ രേഖകളും കുട്ടിയുടെ പിതാവിന്റെയും മാതാവിന്റെയും ആവശ്യമായ രേഖകളും ഒത്തു നോക്കി ഉറപ്പാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ജനനം രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ നൽകുന്നത്. ആയത് കർശനമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വകുപ്പിന് കീഴിൽ ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങളിലും, ജീവനക്കാർക്കെതിരെയുള്ള പരാതികളിലും ചികിത്സാപിഴവ് സംബന്ധിച്ച പരാതികളിലും അന്വേഷണം നടത്തി വരുന്നു. ഗുരുതരവും പ്രാധാന്യവുമുള്ള വിഷയങ്ങളിൽ വിദഗ്ധ അംഗങ്ങൾ അടങ്ങിയ അന്വേഷണ സംഘത്തെ നിയോഗിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരനെന്നു കണ്ടെത്തുന്നവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉചിത പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# Report of the Enquiry Conducted in the Alleged Issuance of False Birth Certificates from Govt. Medical College, Ernakulam

[Vide Order No: കെ4/881/2023/മെ.വി.വ തിയതി 5-2-2023 of DME, Kerala]

Venue: Vice Principal's Chamber, Govt. Medical College, Ernakulam
Date: 06-02-2023, Time: 11am

The Enquiry Committee consisting of Dr. V.V.Unnikrishnan, Vice Principal, Govt. Medical College, Thrissur [Chairman], Dr. Ravidran.C, Addl. Professor, Govt. Medical College, Thrissur, and Shri. T.T. Benny, Accounts Officer, Govt. Medical College, Thrissur [Members] conducted the Enquiry as per the order cited.Signed statementsof the following persons were taken:

1. Dr. ResmyRajan [Principal]
2. Dr. Ganesh Mohan [Medical Superintendent]
3. Dr. Geetha [Deputy Superintendent]
4. Dr. Rajeswary Pillay [HoD, Ob & Gyn]
5. Shri.Sudheesh [Superintendent, Medical Records Library]
6. Shri. Abdul Nadvi, Lay Secretary, MCH.
7. Dr. Dhanya [Day Duty M.O on 31-01-2023]
8. Shri. Maniraj [Security Officer]
9. Smt. Rehana [Staff of KIOSK]
10. Smt. Ajitha. T.R Head Nurse, Labour Room
11. Smt. Lissy [Staff Nurse, Labour Room]
12. Smt. Anitha.P [Staff, Medical Records Library]
13. Smt. Aswani [Staff, Medical Records Library]
14. Smt. Sreedevi [Staff, Medical Records Library]
15. Smt. Sheena [C.A to Principal]
16. Shri. Anilkumar, Administrative Assistant under suspension, was summoned through telephone twice by the Committee, but did not respond.

   The committee analyzed the possible accessible information and details as an emergency investigation considering the seriousness of the issue and After detailed deliberations [including reviewing the CCTV Footage], the Committee arrived at the following conclusions

1. Sri. Shri. Anilkumar. A, the Administrative Assistant under suspension, appears to have definite involvement in the present developments, with criminal intentions. He appears to be involved in the planning, execution and the attempts to cover-up ofthe malpractice of Issuance of the false Birth Certificate with a deliberate intent .Whether similar incidents have occurred or masterminded by him also needs to be investigated .

8.2.2023
Dr V V Unnikrishnan
Chairman

Ravindran C

Benny.T.T

Scanned with CamS

2. Smt. Rehana, the employee of the Municipality posted in the KIOSK, has the involvement of a suspicious nature. She has not reported the case at the first instance and has helped Shri. Anilkumar to enter the details of a birth register andget the required data. She also manipulated the Register in the Medical records library. There is a definite amount of deliberate involvement and initial denial of the whole process when interrogated by the college investigations needs further probing.
3. The extent of the malpractice by [1] & [2] warrants detailed investigation by an appropriate agency to check if any similar incidents have occurred in the past.
4. The Duty M.O stated that the signature in the Birth Certificate Data Sheet is forged.
5. The Principal and the Medical Superintendent have acted diligently and promptly as soon as the incident was brought to their notice and Medical superintendent promptly did a pre investigation and referred the incident to the Principal on Feb 2nd itself . That action should be considered as commendable and the action taken by the principal is found to precise and clear. There was no system lapse from the higher office .
6. The Committee wishes to point out some potential areas in the system where better caution may be exercised:
    i. The Birth Registration Forms may be serially numbered. There are no numbers assigned at present. The forms should not be handed over to anyone from the labour room without a proper request. There should not be any delay in the immediate report of any mismatch of the forms or the details entered.
    ii. Name and Designation of the Medical Officers in the documents may be insisted. As of now, only the signatures are found.All birth forms should ideally bear the official Name-stamp of duty doctors
    iii. Data uploaded and the Birth Certificates issued by the KIOSK personnel are not cross checked with the Labour Room and MRL Records. As a result, there is a definite possibility that a KIOSK official can issue a Birth Certificate without any significant cross checking.
    iv. Most of the employees performing the crucial steps of the Birth Certificate issuance [like data collection, data entry, correction, uploading, printing and issuance] are Temporary Staff. This makes the system vulnerable to malpractice.

The Committee hearing was concluded at 5.15pm.
Signed by:

1. Dr. V.V.Unnikrishnan [Chairman]
2. Dr. Ravidran. C[Member]
3. Shri. T.T. Benny[Member]

8.2.2023

Hari

(Page 2)

Scanned with CamS